# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-78** **02.03.2020-ലെ മറുപടിക്ക്**

**വിദേശ തൊഴിൽ അന്വേഷകർക്ക് പരിശീലനം**

| **ചോദ്യം**<br>ശ്രീ.വി. അബ്ദുറഹിമാൻ | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കഴിഞ്ഞ ഒരു ദശാബ്ദത്തോളമായി കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ് വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രവാസം കുറഞ്ഞ് വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ ; | (ബി) സ്വദേശി വൽക്കരണം, സാമ്പത്തികമാന്ദ്യം എന്നിവയാണ് പ്രധാനമായും പ്രവാസം കുറഞ്ഞു വരുന്നതിന് കാരണം. |
| (സി) മാറിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശത്ത് തൊഴിൽ നേടുന്നതിനാവശ്യമായ തൊഴിൽ പരിശീലനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ;<br><br>(ഡി) ഗൾഫ് നാടുകളിലേയും മറ്റ് വിദേശ രാജ്യങ്ങളിലെയും പുതിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശ തൊഴിൽ അന്വേഷകർക്ക് കൂടുതൽ വിദഗ്ദപരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) & (ഡി) ഉണ്ട്.<br>മാറുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക വകുപ്പ് നടപ്പാക്കിയിട്ടുള്ള തുടർപദ്ധതിയാണ് സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം & റീഇന്റഗ്രേഷൻ പ്രോഗ്രാം. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITI), സർക്കാർ പോളിടെക്നിക്ക് കോളേജുകൾ, എൽ.ബി.എസ് സെന്ററുകൾ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നോർക്ക റൂട്ട്സ് ആണ് ഈ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നത്. കൂടാതെ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിൽ ലഭ്യമായ ഉയർന്ന |

തൊഴിൽ സാധ്യതകൾ പരിഗണിച്ച് 2019 -2020 സാമ്പത്തിക വർഷം മുതൽ റോബോട്ടിക് പ്രോസ്സസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് എന്നീ കോഴ്സുകൾ കേന്ദ്ര സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമുള്ള ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐ.സി.റ്റി.എ.കെ.) യുമായി ചേർന്ന് നടത്തിവരുന്നു. ഇത് കൂടാതെ പശ്ചിമേഷ്യൻ രാജ്യങ്ങളായ യുഎഇ, കുവൈറ്റ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നേഴ്സിങ് മേഖലയിൽ തൊഴിൽ സാധ്യതയേറുന്നതിനാൽ കേരളത്തിലെ നേഴ്സുമാർക്ക് ഈ മേഖലയിൽ തൊഴിൽ മികവ് ലഭ്യമാകുന്നതിന് വേണ്ടി അതത് രാജ്യങ്ങളിലെ സർക്കാർ ലൈസൻസിങ് പരീക്ഷകളായ HAAD/PROMETRIC/MOH/DOH പാസാകുന്നതിന് സഹായകരമായ ഒരു പരിശീലന പദ്ധതി കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മുഖാന്തരം നൽകിവരുന്നു. കൂടാതെ മാറിയ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് വിദേശത്ത് തൊഴിൽ നേടുന്നതിനാവശ്യമായ തൊഴിൽ പരിശീലനം നൽകുന്നതിന് ഒഡെപെക് ഭാഷാ പരിശീലനകേന്ദ്രം ആരംഭിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ